Talented Bankers Literary Panel
പുസ്തകപരിചയം 83

പുസ്തകം പരിചയപ്പെടുത്തുന്നത്,
**ആശിഷ് ബെൻ അജയ്**
**ബാങ്ക് ഓഫ് ഇന്ത്യ, കാവനാട് ശാഖ.**

## ഒരു പോലീസ് സർജന്റെ ഓർമ്മകുറിപ്പുകൾ - (അനുഭവങ്ങൾ)
## ഡോ. ബി. ഉമാദത്തൻ

കഴിഞ്ഞ മാസം ആദ്യ വാരം കുടുംബസമേതമായി തിയേറ്ററിൽ പോയി കണ്ട ഒരു സിനിമയാണ് അഞ്ചാം പാതിരാ. അക്ഷരാർത്ഥത്തിൽ ഒരു കിടിലൻ ക്രൈം ത്രില്ലർ. സിനിമയിൽ ഒരു ക്രിമിനൽ സൈക്കോളജിസ്റ്റായി കുഞ്ചാക്കോ ബോബൻ തകർത്ത് അഭിനയിച്ചു. പടം കണ്ടിറങ്ങിയപ്പോൾ മുതൽ എന്റെ മനസ്സിലുടനീളം കുഞ്ചാക്കോയുടെ ക്യാരക്ടരായ ഡോക്ടർ അൻവർ ഹുസൈൻ തന്നെയായിരുന്നു. വിവിധ തരത്തിലുള്ള കുറ്റ കൃത്യങ്ങൾ പെരുകി കൊണ്ടിരിക്കുന്ന ഈ കാലത്ത്, കുറ്റവാളികളുടെ മനശ്ശാസ്ത്രം ശരിയായ വിധത്തിൽ ഡീകോഡ് ചെയുവാൻ ക്രിമിനൽ സൈക്കോളജിസ്റ്റ് എന്ന തസ്തിക കേസ് അന്വേഷണങ്ങളിൽ അത്യന്താപേക്ഷികതമായി മാറി കൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലുള്ള ശാസ്ത്രത്തിന്റെ പങ്ക്, ഒരു ഫോറൻസിക് സർജന്റെ സൂക്ഷ്മമായ നിരീക്ഷണങ്ങൾ, അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ, അതിൽ നിന്നും ഉരുത്തിരിയുന്ന അനുമാനങ്ങൾ, ഒരു മെഡിക്കോ ലീഗൽ ഉപദേശകന്റെ ആവശ്യകത.. ഈ വക കാര്യങ്ങളെല്ലാം ഒരു കേസ് അന്വേഷണത്തിന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നതിൽ അവിഭാജ്യമായ ഘടകങ്ങൾ തന്നെയാണ്. മനസ്സിൽ മുഴുവനും ഈ ചിന്തകളിൽ മുഴുകി യാന്ത്രികമായി ഫേസ്ബുക്കിൽ അങ്ങനെ സ്ക്രോൾ ചെയ്ത് പോകുമ്പോഴാണ് യാദൃശ്ചികമായി ഒരു പുസ്തകം എന്റെ കണ്ണിൽ പെടുന്നത്. "ഒരു പോലീസ് സർജന്റെ ഓർമ്മക്കുറിപ്പുകൾ". എഴുത്തുകാരന്റെ പേര് വായിച്ചപ്പോൾ തന്നെ മനസ്സിൽ ലഡ്ഡു പൊട്ടി.. ഡോ.ബി.ഉമാദത്തൻ ☺

കേരളത്തിൽ നടന്ന അനവധി കുപ്രസിദ്ധ കൊലപാതകങ്ങളുടെ ചുരുളഴിച്ച പ്രശസ്തനായ ഫോറൻസിക്ക് സർജൻ. പിന്നെ മറിച്ചൊന്നും ആലോചിക്കാൻ നിന്നില്ല. ഓൺലൈൻ വഴി പുസ്തകം ബുക്ക് ചെയ്തു. മൂന്നാല് ദിവസങ്ങൾക്കുളിൽ തന്നെ പുസ്തകം കയ്യിലെത്തി. പതിവുപോലെ തന്നെ ബാൽക്കണിയിലെ ചാരുകസേരയിലിരുന്ന് ഞാൻ വായന തുടങ്ങി.

"Dead men tell tales and you have to listen carefully to those tales.. "

മനുഷ്യമരണങ്ങളിൽ കൊലപാതകമോ ആത്മഹത്യയോ നടന്നുകഴിഞ്ഞാണ് സമൂഹവും നിയമപീഠവും അതിന്റെ കാരണമന്വേഷിക്കുന്നത്. ശവശരീരത്തിൽ നിന്നും ആ അന്വേഷണം തുടങ്ങുന്നു. ഓരോ മൃതശരീരവും അതിന്റെ മരണകാരണം വളരെ നിശബ്ദമായി അതിന്റെ അന്വേഷകരോട് വെളിപ്പെടുത്തുന്നുണ്ട്. ചില സാഹചര്യങ്ങളിൽ അതിസൂക്ഷ്മമായി

നിരീക്ഷിച്ചാൽ മാത്രമേ അവ നമുക്ക് വെളിപ്പെടൂ. അത് വ്യക്തമായെങ്കിലേ തുടരന്വേഷണം ഫലവത്തായി തീരുകയുള്ളൂ. ഫോറൻസിക് മെഡിസിൻ എന്ന ശാസ്ത്രശാഖയാണ് ഇക്കാര്യത്തിൽ കുറ്റാന്വേഷണത്തിന് അവലംബം.

ഈ രംഗത്ത് ഏറെ പ്രശസ്തനായ ഈ ഗ്രന്ഥകാരൻ സമൂഹ മനസാക്ഷിയെ ഞെട്ടിച്ച പല കുപ്രസിദ്ധ കൊലപാതകങ്ങളുടെയും ചുരുളഴിച്ചെടുത്ത ഉദ്വേഗജനകമായ അന്വേഷണസംഭവങ്ങൾ ഈ പുസ്തകത്തിലൂടെ വായനക്കാരുടെ മുന്നിലേയ്ക്ക് വെച്ചു നീട്ടുന്നു. പാനൂർ സോമൻ കേസ്, റിപ്പർ കൊലപാതകങ്ങൾ, ചാക്കോ വധവും സുകുമാരകുറുപ്പും, പോളക്കുളം പീതാംബരൻ കൊലക്കേസ് അങ്ങനെ അനേകം അനേകം.. എന്നെ സംബന്ധിച്ചിടത്തോളം കേട്ട് കേൾവി മാത്രമുള്ള കഥകൾ.. വായിച്ചു തുടങ്ങിയപ്പോൾ സത്യത്തിൽ ഹരം പിടിച്ചു. കുറ്റാന്വേഷണം ശരിയായ ദിശയിൽ വഴി തിരിച്ചുവിടുന്നതിൽ പോസ്റ്റ്മോർട്ടം അഥവാ പ്രേതവിചാരണ എപ്രകാരം സഹായിക്കുന്നുവെന്ന് വളരെ വ്യക്തമായി ഇതിൽ വിവരിക്കുന്നുണ്ട്. ഉദാഹരണത്തിനു തൂങ്ങിമരിച്ച ആളുടെ ശരീരവും, മരണത്തിനു ശേഷം തൂക്കിലേറ്റിയ ഒരാളുടെ ശരീരവും തമ്മിൽ പ്രഥമദൃഷ്ടിയാൽ വ്യത്യാസം തോന്നില്ലെങ്കിലും ഒരു പോസ്റ്റ്മോർട്ടം നടത്തിയാൽ അത് ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് ഏകദേശം മനസിലാക്കാം. അതു പോലെ മുങ്ങിമരിച്ച ആളുടെ ശവശരീരവും, മരിച്ചതിനു ശേഷം വെള്ളത്തിൽ മുങ്ങിയ ശരീരവും വ്യത്യസ്തമാണ്. സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഫോറൻസിക് സർജനോട് ഓരോ ശവശരീരവും തന്റെ കഥ പറയുന്നുണ്ട്. അതിനു കാതോർക്കണം എന്ന് മാത്രം..

കേരളപോലീസ് തെളിയിച്ച പല പ്രമാദമായ കൊലകേസുകളിലും ഡോക്ടർ ഉമാദത്തൻ എന്ന ഫോറെൻസിക്ക് വിദഗ്ദ്ധന്റെ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്. ചീഞ്ഞളിഞ്ഞ ശവശരീരത്തിൽ നിന്നും ബുള്ളറ്റ് കണ്ടെത്തുവാൻ ആദ്യമായി മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചതു മുതൽ ദ്രവിച്ചു തുടങ്ങിയ തലയോട്ടിയിൽ നിന്നും മരണപെട്ടയാളിന്റെ മുഖം വരച്ചെടുക്കുന്ന ഫോട്ടോഗ്രാഫിക് സൂപ്പർ ഇമ്പോസിഷൻ ടെക്നിക്ക് വരെ എത്തി നിൽക്കുന്നു അദ്ദേഹത്തിന്റെ വൈഭവം. തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ കണ്ടെടുക്കപ്പെട്ട പല മൃതശരീരങ്ങളുടെയും ഐഡന്റിറ്റി വെളിപ്പെടുത്തുവാൻ പിൽകാലത്ത് ഈ സാങ്കേതിക വിദ്യ കേരളാപോലീസ് പല തവണ ഉപയോഗപ്പെടുത്തുകയുണ്ടായി. അങ്ങനെ ചുരുളഴിയാതെ കിടന്ന പ്രമാദമായ പല കേസുകൾക്കും തുമ്പുണ്ടാക്കുവാനും അതിലൂടെ കോടതിയുടെ പ്രത്യേകപ്രശംസ പിടിച്ചു പറ്റുവാനും ഡോക്ടർക്ക് സാധിച്ചു. ദുർഗന്ധം വമിക്കുന്ന ചീഞ്ഞളിഞ്ഞു തുടങ്ങിയ ശവശരീരം കുഴിമാടത്തിൽ നിന്നും പുറത്തെടുത്തു പുനർ പരിശോധന ചെയുന്ന എക്സ്ഹ്യൂമേഷന്റെ വിവിധ പ്രക്രിയകളെ കുറിച്ചും ഇതിൽ വിശദമായ പരാമർശമുണ്ട്. നീണ്ട നാളത്തെ തന്റെ ഫോറൻസിക് മേഖലയിലെ അനുഭവങ്ങൾ തന്റെ തൂലികയിലൂടെ പകർത്തിയതോടെ ക്രൈം ത്രില്ലറുകൾ ഇഷ്ടപ്പെടുന്നവർ തുടങ്ങി കുറ്റാന്വേഷണങ്ങളിൽ വ്യാപൃതരായ ഫോറൻസിക് -മെഡിക്കോ ലീഗൽ ഡോക്ടർമാർക്ക് വരെ ഈ പുസ്തകം ഒരു റഫറൻസ് ഗ്രന്ഥമായി മാറിയെന്നു നിസംശയം പറയാം.

പ്രശസ്ത ഫൊറൻസിക് സർജനും മുൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളുടെ രചയിതാവുമാണ് ഡോ. ബി

ഉമാദത്തൻ.
1946ൽ തിരുവനന്തപുരത്തു ജനനം.
തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസും പിന്നീട് എം.ഡി.യും പാസായി.
കേരള സംസ്ഥാന മുൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള പോലീസിന്റെ മെഡിക്കോ ലീഗൽ ഉപദേശകൻ, ലിബിയൻ അറബ് റിപ്പബ്ളിക്കിന്റെ മെഡിക്കോ ലീഗൽ കൺസൽട്ടൻറ്, ഫോറൻസിക് മെഡിസിൻ പ്രൊഫസർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, കേരള മെഡിക്കോ ലീഗൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ എന്നിങ്ങനെ വിവിധ സ്ഥാനങ്ങൾ അലങ്കരിച്ച അദ്ദേഹം, ഒട്ടനവധി പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഏറെ നാൾ രോഗശയ്യയിലായിരുന്ന അദ്ദേഹം 2019 ജൂലൈ മാസം മൂന്നാം തീയതി അന്തരിച്ചു.

2010-ൽ ഡിസി ബുക്സ് പുറത്തിറക്കിയ ഈ പുസ്തകം ഇപ്പോൾ പതിനാലാം പതിപ്പിൽ എത്തി നിൽക്കുന്നു. വില Rs. 195/-